# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 7

# വാർത്താക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്‌നോളജി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 16 മുതൽ അതത് കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/2144/2019)

2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എ. കഥകളി - വേഷം, സംഗീതം - സി.ബി.സി.എസ്. (കോർ/കോംപ്ലിമെന്ററി - റഗുലർ/റീഅപ്പിയറൻസ്)/ സി.ബി.സി.എസ്.എസ്. (ഇംപ്രൂവ്‌മെന്റ്/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്), അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. (കോർ/ഓപ്പൺ കോഴ്‌സ്) റഗുലർ, സി.ബി.സി.എസ്.എസ്. (റീഅപ്പിയറൻസ്/സപ്ലിമെന്ററി/ഇംപ്രൂവ്‌മെന്റ്/മേഴ്‌സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ ഡിസംബർ 10 മുതൽ 13 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ.

(പി.ആർ.ഒ/39/2145/2019)

അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ്., സി.ബി.സി.എസ്.എസ്.) ബി.എസ്‌സി. ഇലക്‌ട്രോണിക്‌സ് (റഗുലർ/റീഅപ്പിയറൻസ്) ഒക്ടോബർ/നവംബർ 2019 പരീക്ഷയുടെ മൈക്രോപ്രോസസ്സർ ലാബ് ഡിസംബർ 16, 17 തീയതികളിലും കമ്മ്യൂണിക്കേഷൻ ലാബ് 18, 19 തീയതികളിലും അതത് കോളേജുകളിൽ നടക്കും.

(പി.ആർ.ഒ/39/2146/2019)

അഞ്ചാം സെമസ്റ്റർ (സി.ബി.സി.എസ്., സി.ബി.സി.എസ്.എസ്.) ബി.എസ്‌സി. കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇലക്‌ട്രോണിക്‌സ് (റഗുലർ/റീഅപ്പിയറൻസ്) ഒക്ടോബർ/നവംബർ 2019 പരീക്ഷയുടെ കമ്മ്യൂണിക്കേഷൻ ലാബ് ഡിസംബർ 18, 19 തീയതികളിലും പി.സി. ഹാർഡ്‌വെയർ ലാബ് (സി.ബി.സി.എസ്.) ആന്റ് ഇന്റൽ 8086 അസംബ്ലി ലാബ് (സി.ബി.സി.എസ്.എസ്.) 16, 17 തീയതികളിലും ആലുവ യു.സി. കോളേജിൽ നടക്കും.

(പി.ആർ.ഒ/39/2147/2019)

## പരീക്ഷഫലം

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. അറബിക് പ്രൈവറ്റ് രജിസ്‌ട്രേഷൻ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2148/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. പ്ലാന്റ് ബയോടെക്‌നോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2149/2019)

2018 സെപ്തംബറിൽ സ്‌കൂൾ ഓഫ് ഐ.ഐ.ആർ.ബി.എസിൽ നടന്ന നാലാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/2150/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഹിന്ദി സി.എസ്.എസ്. (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 19 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2151/2019)

## പ്രകൃതിദത്ത പോളിമറുകളുടെ ഉപയോഗം; രാജ്യാന്തര സെമിനാറിന് എം.ജി.യിൽ തുടക്കം

പ്രകൃതിദത്ത പോളിമറുകളുടെ ഉപയോഗവും ഗവേഷണസാധ്യതകളും ചർച്ച ചെയ്യുന്ന രാജ്യാന്തര സെമിനാറിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കമായി. മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും റഷ്യയിലെ സൈബീരിയൻ ഫെഡറൽ സർവകലാശാലയും അലഹബാദ് ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസും ബ്രസീലിലെ റിയോ ഡി ജനീറോ ഫെഡറൽ സർവകലാശാലയും സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്. സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. പ്രസിദ്ധ പോളിമർ ശാസ്ത്രജ്ഞരായ ഫ്രാൻസിലെ പ്രൊഫ. ബ്രൂണോ അമേദുരി, പ്രൊഫ. ദിദിയർ റൗക്സൽ, റഷ്യൻ ഗവേഷകനായ ഡോ. അലക്സി ഡെമിഡെങ്കോ, പ്രൊഫ. നന്ദകുമാർ കളരിക്കൽ, പ്രൊഫ. കെ. ജയചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. പ്രകൃതിദത്ത പോളിമറുകളുടെ ഗവേഷണ സാധ്യതകൾ, വ്യാവസായിക മേഖലകളിലെ ഉപയോഗം വിപുലപ്പെടുത്തൽ എന്നീ വിഷയങ്ങൾ സെമിനാർ ചർച്ച ചെയ്തു. ഇന്ന് (ഡിസംബർ 8) സെമിനാർ സമാപിക്കും.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും റഷ്യയിലെ സൈബീരിയൻ ഫെഡറൽ സർവകലാശാലയും അലഹബാദ് ഇന്റർനാഷണൽ അക്കാദമി ഓഫ് ഫിസിക്കൽ സയൻസും ബ്രസീലിലെ റിയോ ഡി ജനീറോ ഫെഡറൽ സർവകലാശാലയും സംയുക്തമായി പ്രകൃതിദത്ത പോളിമറുകളെക്കുറിച്ച് സംഘടിപ്പിക്കുന്ന രാജ്യാന്തര സെമിനാർ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ/39/2152/2019)

## ത്രിദിന രാജ്യാന്തര ശില്പശാല സമാപിച്ചു

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി 'എൻജിനീയർഡ് പോളിമർ നാനോ കോമ്പസൈറ്റസ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ത്രിദിന രാജ്യാന്തര ശില്പശാല സമാപിച്ചു. പ്രസിദ്ധ പോളിമർ ശാസ്ത്രജ്ഞരായ ഫ്രാൻസിലെ ലൊറൈൻ സർവകലാശാലയിലെ പ്രൊഫ. ബ്രൂണോ അമേദുരി, ഫ്രാൻസിലെ മോണ്ട് പെല്ലർ സർവകലാശാലയിലെ പ്രൊഫ. ദിദിയർ റൗക്സൽ, അമേരിക്കയിലെ സെൻട്രൽ ഫ്ളോറിഡ സർവകലാശാലയിലെ പ്രൊഫ. ജയൻ തോമസ്, പ്രൊഫ. ജോണി സി. ജോർജ് എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തി. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സ്പാർക് പദ്ധതിപ്രകാരം ഫ്രാൻസിലെ ജീൻ ലാമർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും മോണ്ട്പെല്ലർ യൂണിവേഴ്സിറ്റിയുടെയും സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്. യുവഗവേഷകർക്കായി പോസ്റ്റർ പ്രദർശനമത്സരവും നടന്നു.

(പി.ആർ.ഒ/39/2153/2019)

## മാസ് സ്പെക്ട്രോമെട്രി രാജ്യാന്തര സമ്മേളനത്തിന് സമാപനം

നാലുദിവസമായി മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ നടന്ന നാലാമത് രാജ്യാന്തര മാസ് സ്പെക്ട്രോമെട്രി സമ്മേളനം സമാപിച്ചു. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്മെന്റും സംയുക്തമായാണ് രാജ്യാന്തര സമ്മേളനം സംഘടിപ്പിച്ചത്. ടോം ബ്രണ്ണ, അതുല അറ്റിഗലി (യു.എസ്.എ.), മൈക്കിൾ സ്പിറ്റ്ലർ, ജോച്ചൻ വോൾ (ജർമ്മനി), ലോറന്റ് ഡെബ്രൂവർ, ഒലിവർ ലാപ്രവോട് (ഫ്രാൻസ്), അചിലി കാപിലോ, പിയറംഗേല പൽമ (ഇറ്റലി), കോൺസ്റ്റാന്റിൻ ചിൻഗിൻ (ചൈന), സുമൻ കാന്തി മന്ന, മാളവിക ദത്ത്, അനുഭവ് കുമാർ, പ്രൊഫ. ഇ.വി. രാമസ്വാമി, എം. ജോസഫ്, ഇ.കെ. രാധാകൃഷ്ണൻ, സുപ്രതിം മോൺഡൽ, സ്രാബനി കർമാകർ, പത്മാ രാമകൃഷ്ണൻ, എസ്.കെ. റാസ, ആർ. അശ്വിനി, യശ്വന്ത് സ്റ്റനികം, വി. ശിവാനന്ദൻ ആചാരി, കെ.കെ. നെജ്ജുമൽ, ജോബിൻ സിറിയക്, ജിഷ ചന്ദ്രൻ, ഷംന ഷാജഹാൻ, ദീപ്തി

മാടായി, ആർ. സുകന്യ, ബിക്കി ജെറിൻ ജോസഫ്, ജീവ എം. ഫിലിപ്പ്, കെ.പി. മധുസൂദനൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിച്ചു.

(പി.ആർ.ഒ/39/2154/2019)

## പ്രൊജക്ട് ഫെലോ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്‌കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ 'ചാലക്കുടി പുഴയിലെ പുഴയോര കാടുകളുടെ ഇക്കോ റിസ്റ്റോറേഷ'നമായി ബന്ധപ്പെട്ട യു.എൻ.ഡി.പി. പ്രൊജക്ടിൽ ഒരു പ്രൊജക്ട് ഫെലോയുടെ ഒഴിവുണ്ട്. യോഗ്യത: 60 ശതമാനം മാർക്കോടെ എം.എസ്‌സി. എൻവയോൺമെന്റൽ സയൻസ്/ എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്‌മെന്റ്/ എൻവയോൺമെന്റ് മാനേജ്‌മെന്റ്/ എൻവയോൺമെന്റൽ സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്‌മെന്റ് വിജയം. മാസം 20000 രൂപ പ്രതിഫലം ലഭിക്കും. രണ്ടുവർഷമാണ് പ്രൊജക്ട് കാലാവധി. യോഗ്യരായവർ ബയോഡാറ്റയും അപേക്ഷയും maheshmohan@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ ഡിസംബർ 10നകം അയയ്ക്കണം.

(പി.ആർ.ഒ/39/2155/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ